പറഞ്ഞിരുന്നുവെങ്കിൽ അങ്ങേയ്ക്ക് ഒരു പൂമാല ഞാൻ ഇട്ടുതരുമായിരുന്നു. നിങ്ങൾ അതിനു തയ്യാറില്ലല്ലോ. നിങ്ങൾ രാഷ്ട്രീയമല്ലേ പറഞ്ഞത് ? അതുകൊണ്ട് നിങ്ങളുടെ ഈ ധിക്കാരപരമായ നടപടി, കേരളത്തിലെ കൃഷിക്കാരന്റെ പ്രശ്നം ചിരിച്ച് കളിച്ച് പുച്ഛിച്ച് തള്ളുന്ന, ലാഘവബുദ്ധിയോടുകൂടിയുള്ള നിങ്ങളുടെ സമീപനം, അതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി).

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)

മി. സ്പീക്കർ : റൂൾ 62, ശ്രീ. പി. ജെ. ജോയി.....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.

ശ്രീ. എ. കെ. ആന്റണി : സർ, ഞാൻ അധികം പ്രസംഗിക്കുന്നില്ല. ഞങ്ങളുടെ ആവശ്യത്തെക്കുറിച്ച് ഗവൺമെന്റിനു എന്തെങ്കിലും വീണ്ടുവിചാരമുണ്ടോ ?

മി. സ്പീക്കർ : ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞു. അതിനോട് യോജിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇതിലേയ്ക്ക്.....(ബഹളം)..... പ്ലീസ്.....ശ്രീ. പി. ജെ. ജോയി.....ഇന്ന് എല്ലാവരും സഹകരിച്ചുകൊണ്ട് സ്പോർട്സ് ബിൽ പാസ്സാക്കേണ്ടതാണ്. ഇല്ലെങ്കിൽ ആരുടെയും സഹകരണമില്ലാതെ പാസ്സാകും. ചർച്ചയില്ലാതെ പാസ്സാകും.....(ബഹളം).....ഞാൻ പറയുന്നത് ഇതൊന്നുമില്ലാതെ പാസ്സാകുമെന്നാണ്. വേറൊന്നും ചെയ്യുകയില്ല. ഇതൊന്നുമില്ലാതെ പാസ്സാകും.....(ബഹളം).....

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിൽ ഇറങ്ങിനിന്നു.) .....(ബഹളം).....

മി. സ്പീക്കർ : ശ്രീ. സത്യൻ മൊകേരി, ശ്രദ്ധക്ഷണിക്കൽ.

III ശ്രദ്ധ ക്ഷണിക്കൽ

കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതിമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സത്യൻ മൊകേരി : സർ, കർഷകർ നേരിടുന്ന പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും സംസാരിക്കുന്ന ഘട്ടത്തിൽ ഈ സഭ കേരളത്തിലെ കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സന്നദ്ധമാണെന്നു പറഞ്ഞിട്ടും അതിന് തയ്യാറാകാതെ ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുകയാണ് പ്രതിപക്ഷം. അവരുടെ മുൻപിൽ ഏപ്രിൽ മാസം നടക്കാൻ പോകുന്ന തെരെഞ്ഞടുപ്പാണുള്ളത്. ആ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കേരളത്തിലെ കർഷകരെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുമോ എന്നുള്ള പരിശ്രമമാണ് അവർ നടത്തുന്നത്. പ്രതിപക്ഷം അതിൽനിന്ന് പിൻമാറണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടത്തെ പ്രശ്നമെന്താണ് ? നമ്മുടെ സംസ്ഥാനത്തെ കർഷകർ, ഇൻഡ്യയിലെ കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയമാണ്. 1990-91 മുതൽ, ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായതുമുതൽ, ഇൻഡ്യാ രാജ്യത്ത് നടപ്പാക്കാൻ തുടങ്ങിയ സാമ്പത്തിക നയങ്ങളുടെ പ്രത്യാഘാതമെന്ന നിലയ്ക്കാണ് നമ്മുടെ രാജ്യത്തിലെ കർഷകർ ഇന്ന് ദുരിതമനുഭവിക്കുന്നത്. ഇത് കേരളത്തിൽ മാത്രമല്ല, കോൺഗ്രസ് ഭരിക്കുന്ന 7 സംസ്ഥാനങ്ങളുണ്ട്. തൊട്ടടുത്ത കർണ്ണാടകത്തിലെ കർഷകരുടെ സ്ഥിതിയെന്താണ്? ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കുന്ന ഇന്നത്തെ സാമ്പത്തിക നയത്തിന്റെ ദുരിതമാണ് കർണാടകത്തിലെ കർഷകർ നേരിടുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതിനയം രാജസ്ഥാനിലെയും മധ്യപ്രദേശിലെയും കർഷകരെ ദുരിതത്തി ലാക്കിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ സ്ഥിതി എന്താണ് ? സംസ്ഥാന ഗവൺമെന്റിനെ പഴിചാരിക്കൊണ്ട്, കേവലം രാഷ്ട്രീയ ലാഭത്തിനു വേണ്ടി, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി നടത്തുന്ന പരിശ്രമം ഗുണകരമാണോ ? എന്താണ് ഇവിടത്തെ പ്രശ്നം ? ശ്രീമതി സോണിയാ ഗാന്ധി ഇൻഡ്യയിൽ നടപ്പാക്കിവരുന്ന സാമ്പത്തിക നയങ്ങളെ സംബന്ധിച്ച് എന്താണ് പറഞ്ഞത് ? രണ്ടുദിവസം മുൻപ് (FICCI) ഫിക്കിയുടെ അഖിലേന്ത്യാ സമ്മേളനത്തിൽ ശ്രീ. വാജ്പേയി പ്രസംഗിച്ചു. അപ്പോൾ ശ്രീമതി സോണിയാ ഗാന്ധിയും പ്രസംഗിച്ചു. എന്താണ് പ്രസംഗിച്ചത് ? അടിസ്ഥാനപരമായി ഈ സാമ്പത്തികനയം നടപ്പിലാക്കുന്നതിനുവേണ്ടി, ഉദാരവൽക്കരണം, ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം എന്നുപറയുന്ന പുത്തൻ സാമ്പത്തികനയം നടപ്പാക്കുന്നതിന് ഞാൻ പിൻതുണയ്ക്കുമെന്നാണ് പരസ്യമായി പറഞ്ഞത്. കോൺഗ്രസ്സും ബി.ജെ.പി.യും ഈ സാമ്പത്തിക നയത്തോട് അനുവർത്തിച്ചിട്ടുള്ള സമീപനം അതാണ്. നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന സ്ഥിതി എന്താണ്? ഈ നയം നടപ്പിലാക്കാൻ ആരംഭിച്ചതോടു കൂടി 1994-95-ൽ 2,54,400 ടൺ ഭക്ഷ്യ എണ്ണയാണ് അന്ന് ഇറക്കുമതി ചെയ്തത്. ഇപ്പോൾ നമ്മുടെ ഇറക്കുമതി 1999-2000-ൽ 43,96,000 ടണ്ണായി വർദ്ധിച്ചിരിക്കുന്നു. എന്താണ് അതിനു കാരണം ? ഇറക്കുമതി ചുങ്കം കുറച്ചതും ഇറക്കുമതി ഉദാരമാക്കിയതുമാണ് അതിനു കാരണം. വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം 50.8 ശതമാനത്തിൽ നിന്ന് 45 ശതമാനമായി കുറച്ചു. ഇന്ന് നിലവിലുള്ള ലോക വ്യാപാര കരാറനുസരിച്ച് 300 ശതമാനം വരെ ഇറക്കുമതി ചുങ്കം ചുമത്താൻ കേന്ദ്ര ഗവൺമെന്റിന് അവകാശമുണ്ട്. ആ ഇറക്കുമതി ചുങ്കം അവർ ചുമത്തുന്നില്ല. അങ്ങനെ ചുമത്താതെ വിദേശ രാജ്യങ്ങളിൽനിന്ന് ഭക്ഷ്യ എണ്ണയും .....(ബഹളം)..... (പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചുകൊണ്ടിരുന്നു.) കാർഷിക ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നതിനുള്ള സഹായങ്ങളുമാണ് നാം ചെയ്തുകൊടുത്തിട്ടുള്ളത്. ലോകത്തിലെ വികസിത രാജ്യങ്ങൾ എന്താണ് ഇപ്പോൾ ചെയ്യുന്നത് ? അമേരിക്കയിൽ ..... (ബഹളം)..... (പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ശ്രീ. സത്യൻ മൊകേരി, പ്ലീസ് ബീ സീറ്റഡ്..... പ്ലീസ്..... (ബഹളം).....

സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

ഓർഡർ.....ഓർഡർ.

(പ്രതിപക്ഷാംഗങ്ങളുടെ മുദ്രാവാക്യം വിളികളും തടസ്സപ്പെടുത്തലുകളും കാരണം സഭാനടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വന്നപ്പോൾ രാവിലെ 11.58-ന് സഭ അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചു).

(സഭ വീണ്ടും 12.25-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ സമ്മേളിച്ചു).

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... സഭാനടപടികൾ താല്ക്കാലികമായി നിർത്തിവെയ്ക്കേണ്ടിവന്ന സാഹചര്യത്തെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. നമ്മുടെ സഭയുടെ നടപടികൾ ഈ പരിമിതമായ ദിവസങ്ങളിൽ സുഗമമായി മുന്നോട്ടുകൊണ്ടുപോകണം എന്നാണ് ചെയർ ആഗ്രഹിക്കുന്നത്. ഇന്നലെ അത് സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് സീറോ അവർ കഴിഞ്ഞതിനുശേഷമുള്ള പ്രധാനപ്പെട്ട ബിസിനസ്സുകളിലേയ്ക്കൊന്നും കടക്കുവാൻ സാധിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വളരെ പ്രധാനപ്പെട്ട ഒരു ബിൽ (സ്പോർട്സ് ബിൽ) വകുപ്പു തിരിച്ചുള്ള ചർച്ചയ്ക്കുവേണ്ടിയാണ് മാറ്റിവച്ചിട്ടുള്ളത്. പല ബിസിനസ്സുകളും നമ്മുടെ സഭയുടെ മുന്നിൽ പെന്റിംഗായിരിക്കുകയാണ്. തുടർന്ന് സഭ കൊണ്ടുപോകുവാൻ സഹകരിക്കുക എന്നാണ് ചെയറിനു പറയുവാനുള്ളത്. സഭ നിർത്തിവച്ചതിനുശേഷം ചർച്ചകൾ നടത്തിയെങ്കിലും അത് വിജയത്തിലെത്തി എന്നുപറയുവാൻ കഴിയില്ല. ആ വിവരം ഞാൻ ഖേദപൂർവ്വം സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. തുടർനടപടികളിൽ സഹകരിക്കണം എന്ന ഒരു അഭ്യർത്ഥന വീണ്ടും ഞാൻ സഭയുടെ മുൻപാകെ വയ്ക്കുകയാണ്.

12.25 A.M.]

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച വികാരത്തോട് ഞങ്ങൾക്ക് ബഹുമാനമുണ്ട്. കേരളത്തിലെ സ്പോർട്സ് പ്രേമികളുടെ വളരെ നാളത്തെ ആഗ്രഹമാണ് സ്പോർട്സ് ബിൽ പാസ്സാക്കണം എന്നുള്ളത്. ഞങ്ങൾ അതിനു തടസ്സം ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നില്ല. എന്നു മാത്രമല്ല, ആ ബിൽ ഇന്നുതന്നെ പാസ്സാക്കണം. അല്ലെങ്കിൽ ചർച്ചയ്ക്കുശേഷം പാസ്സാക്കണമെന്ന് ആഗ്രഹിക്കുകയാണ്. അതിനു തടസ്സം ഉണ്ടാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ, അതേ അവസരത്തിൽ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ ഒട്ടാകെ, കേരളത്തിലെ കൃഷിക്കാരെ ആകെ, ഇന്ന് ആശങ്കയിൽ ആക്കിയിരിക്കുന്ന അവരുടെ നാശത്തിനു വഴിതെളിക്കുന്ന, നയത്തെക്കുറിച്ചും കൃഷിക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗത്തെക്കുറിച്ചും എല്ലാം ചർച്ച ചെയ്യേണ്ട അവസരമായി ഈ നിയമസഭാ വേദിയെ മാറ്റേണ്ടതായിരുന്നു. അതിനു ഞങ്ങൾ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന്റെ ചർച്ച ഉപകരിക്കുമായിരുന്നു. ഏതായാലും അത് സംബന്ധിച്ച് തർക്കിക്കുവാൻ ഞാനില്ല. ഞങ്ങളുടെ അടിയന്തിര പ്രമേയത്തിന്റെ ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ ഞങ്ങൾ സഭയിലെ മറ്റ് നടപടികൾ തടസ്സപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ് : ഇന്ന് എവിടെ പോകുന്നു ? ..... (ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്.....

ശ്രീ. എ. കെ. ആന്റണി : ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. കെ. നാരായണക്കുറുപ്പ്, ശ്രീ.തോമസ് ചാഴികാടൻ, ശ്രീ. ബാബു ദിവാകരൻ, ശ്രീ. ജോണി നെല്ലൂർ, ശ്രീ.കെ. എ. ചന്ദ്രൻ, ശ്രീ. ഇ. എം. അഗസ്തി, ശ്രീ. കെ. ബാബു, ശ്രീ.കെ.സി.വേണുഗോപാൽ, ശ്രീ. പി. ജെ. ജോയി എന്നീ അംഗങ്ങൾ നിയമസഭാ കവാടത്തിൽ അനിശ്ചിതകാലത്തേയ്ക്ക് നിരാഹാര സത്യാഗ്രഹം നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ നിരാഹാര സമരത്തോട് അനുഭാവം രേഖപ്പെടുത്തികൊണ്ട് മുസ്ലീം ലീഗിന്റെ എം.എൽ.എ.മാർ അനുഭാവ സത്യാഗ്രഹം നടത്തുന്നതാണ്.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്.....

ശ്രീ. എ. കെ. ആന്റണി : ഇന്നത്തെ നിരാഹാര സത്യാഗ്രഹത്തിനു അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് മുസ്ലീം ലീഗിനെ പ്രതിനിധീകരിച്ച് ശ്രീ.പി.കെ.കെ. ബാവ അനുഭാവ സത്യാഗ്രഹം നടത്തുന്നു. നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കുന്നതുവരെ മുസ്ലീം ലീഗിനെ പ്രതിനീധീകരിച്ച് മുസ്ലീം ലീഗ് എം.എൽ.എ.മാർ മാറിമാറി അനുഭാവ സത്യാഗ്രഹം അനുഷ്ഠിക്കും. ഇതാണ് എനിക്ക് അറിയിക്കുവാനുള്ളത്. ഞങ്ങൾ നിരാഹാര സത്യാഗ്രഹികളെ സത്യാഗ്രഹസ്ഥലത്തേയ്ക്ക് കൊണ്ടുപോവുകയാണ്. നിരാഹാരസത്യാഗ്രഹം ആരംഭിച്ച് കഴിഞ്ഞിട്ട് ഞങ്ങളുടെ മറ്റ് അംഗങ്ങൾ എല്ലാപേരും നിയമസഭാ നടപടികളിൽ പങ്കെടുക്കും.

(നിരാഹാരസത്യാഗ്രഹമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളുൾപ്പെടെ പ്രതിപക്ഷമെമ്പർമാരെല്ലാം പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ സഭയ്ക്ക് പുറത്ത് പോവുകയും നിരാഹാരസത്യാഹം അനുഷ്ഠിക്കാൻ നിയോഗിക്കപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭാകവാടത്തിൽ നിരാഹാരസത്യാഗ്രഹം ആരംഭിക്കുകയും ചെയ്തു. മറ്റു പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരിച്ചെത്തി തുടർന്നുള്ള സഭാനടപടികളിൽ പങ്കെടുത്തു.)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സഭാനടപടികൾ തുടരാം. സീറോ അവർ കഴിഞ്ഞതിനു ശേഷം റൂൾ 62 അനുസരിച്ച് ശ്രീ. സത്യൻ മൊകേരിയാണ് കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ചത്. അതിനു മറുപടി പറയണം.

ശ്രീ. സത്യൻ മൊകേരി : ശ്രദ്ധക്ഷണിക്കൽ പൂർത്തിയാക്കിയിട്ടില്ല. ഇനിയും കുറച്ചുകൂടെ പറയുവാനുണ്ട്.

മി. സ്പീക്കർ : മറുപടി കഴിഞ്ഞതിനുശേഷം അങ്ങേയ്ക്ക് ചോദ്യം ചോദിക്കാം.

ശ്രീ. സത്യൻ മൊകേരി : കുറച്ചുകൂടെ പറയുവാൻ അനുവദിക്കണം.

മി. സ്പീക്കർ : പറഞ്ഞതെല്ലാം രേഖയിലുണ്ട്. ഇനി രണ്ടുവാക്ക് പറഞ്ഞാൽ മതി.

ശ്രീ. സത്യൻ മൊകേരി : സർ, ലോകവ്യാപാര കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് 300 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തണം എന്നാണ്. പക്ഷേ അതു ചുമത്താതെ മൾട്ടി നാഷണൽ കമ്പനികൾക്ക് എല്ലാ സൗകര്യവും ചെയ്തുകൊടുത്ത സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അമേരിക്കയിലും വികസിത രാജ്യങ്ങളിലും ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങൾക്ക് 300 വരെ ശതമാനം ചുങ്കം ചുമത്തുന്നുണ്ട്. ജർമ്മനിയിലും 300 ശതമാനം വരെ ചുങ്കം ചുമത്തുന്നുണ്ട്. ലോക വ്യാപാര കരാർ സംബന്ധിച്ച് ഭക്ഷ്യ എണ്ണ ഉൾപ്പെടെയുള്ള എല്ലാ കാർഷികോല്പന്നങ്ങൾക്കും 300 ശതമാനം വരെ ഇറക്കുമതി ചുങ്കം ചുമത്താവുന്നതാണ്. കേന്ദ്ര ഗവൺമെന്റ് അതു ചുമത്തുവാൻ തയ്യാറാകാത്ത നടപടികളുമായി മുന്നോട്ടുപോവുകയാണ്. അതാണ് യഥാർത്ഥ പ്രശ്നം. ഇപ്പോൾ പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധതിരിച്ചുവിടാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കൃഷിക്കാരുടെ യഥാർത്ഥ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി ചുങ്കമാണ്. നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. പാർലമെന്റിനു മുൻപിൽ കൃഷിക്കാർ സമരം നടത്തിയിട്ടുണ്ട്. കേരളത്തിലെ വ്യത്യസ്ത മേഖലകളിൽ കൃഷിക്കാർ സമരം നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എം.എൽ.എ. മാർ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ടിരുന്നു. പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ സംസ്ഥാന നിയമസഭയെ പ്രതിനിധീകരിച്ച് ഡൽഹിയിൽ പോയിട്ടുണ്ട്. ഈ രൂപത്തിൽ കേരള ഗവൺമെന്റ് ഈ വിഷയം പരിഹരിക്കുവാൻ വേണ്ടി എല്ലാവിധ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ ഈ വിഷയം ഇനിയും കൊണ്ടുവരണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട സത്യൻ മൊകേരി വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഭക്ഷ്യ എണ്ണയുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതിയെത്തുടർന്ന് കേരളത്തിന്റെ കാർഷിക മേഖല വലിയൊരു പ്രതിസന്ധിയെ നേരിടുകയാണ്. ഇന്നു കാലത്ത് അടിയന്തിരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് ശ്രീ.പി.പി.തങ്കച്ചൻ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ഗവൺമെന്റ് സ്വീകരിച്ച നടപടി

LIBRARY ARCHIVES Kerala Legislative Assembly

കളെ സംബന്ധിച്ചിടത്തോളം വിശദമായി കാര്യങ്ങൾ പറയുകയുണ്ടായി. 1991-ൽ ബഹുമാനപ്പെട്ട നരസിംഹറാവു ഇൻഡ്യയുടെ പ്രധാനമന്ത്രി ആയിരിക്കുമ്പോൾ ഒപ്പിട്ട ഗാട്ട് കരാറും അതിനെത്തുടർന്നു വന്നിട്ടുള്ള വിവേചനരഹിതമായിട്ടുള്ള വ്യാപാര കരാറും ഉദാരവൽക്കരണവും അതിനെത്തുടർന്നുള്ള ഇറക്കുമതിയുമാണ് നമ്മുടെ സംസ്ഥാനത്തിന്റെ കാർഷികമേഖല ഇത്രയും വൻപിച്ച തകർച്ചയെ നേരിടാൻ കാരണം. ഈ നയത്തിനകത്ത് നിന്നുകൊണ്ട് തന്നെ നമ്മുടെ സംസ്ഥാനത്തെ സഹായിക്കാനായി കേന്ദ്ര ഗവൺമെന്റ് വിചാരിച്ചാൽ സാധിക്കുന്നതാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുഖ്യമന്ത്രിയും ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രതിനിധികളും ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ എം.എൽ.എ. മാരും ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പാർലമെന്റ് അംഗങ്ങളുമെല്ലാം കേന്ദ്ര ഗവൺമെന്റു മുൻപാകെ ഈ പ്രശ്നങ്ങൾ വളരെ ശക്തമായി അവതരിപ്പിച്ചിട്ടുണ്ട്. എൽ.ഡി.എഫ്.- ലെ എം.എൽ.എ. മാരും എം. പി. മാരുമൊരുമിച്ച് പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുകയും ഈ നയത്തിൽ തിരുത്തൽ ആവശ്യപ്പെട്ടുകൊണ്ടുള്ള സമ്മർദ്ദം ചെലുത്തുകയും സത്യാഗ്രഹസമരം നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ഈ നയങ്ങൾ തിരുത്തുന്നതിനു വേണ്ടിയുള്ള സമ്മർദ്ദങ്ങൾ ചെലുത്തുകയാണ്. ഗാട്ട് കരാറിനകത്തു നിന്നുകൊണ്ടുതന്നെ കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ, ഇറക്കുമതി കാർഷികോൽപ്പന്നങ്ങൾ നമ്മുടെ രാജ്യത്തിൽ കാർഷിക മേഖലയ്ക്ക് പ്രതിസന്ധിയുണ്ടാക്കുമെങ്കിൽ ഇറക്കുമതി ചുങ്കം 150 ശതമാനം വരെ ഉയർത്താനായി കരാർ വ്യവസ്ഥകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ആ കരാറിൽ നിന്നുകൊണ്ട് തന്നെ കാര്യങ്ങൾ ചെയ്യണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. അതിനവർ ഇന്നും തയ്യാറായിട്ടില്ല. രണ്ടാമത്തെ പ്രശ്നം, ഭക്ഷ്യഎണ്ണകൾ ഇറക്കുമതി ചെയ്യുമ്പോൾ ഗാട്ട് കരാറിന്റെ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഇറക്കുമതി ചുങ്കം 300 ശതമാനമായി ഉയർത്താൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. അവകാശമുണ്ട്. ആ അവകാശം ഉപയോഗിച്ചുകൊണ്ട് ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 300 ശതമാനമായി ഉയർത്തണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ പറഞ്ഞിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയാണ്. സെപ്റ്റംബർ മാസം 14-ാം തീയതി കേന്ദ്ര കൃഷി വകുപ്പുമന്ത്രി സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചു ചേർത്തിരുന്നു. എന്നാൽ ഇറക്കുമതിനയമുണ്ടാക്കുന്ന വിനയെ സംബന്ധിച്ച് വ്യത്യസ്തമായിട്ട് അന്ന് കേന്ദ്ര കൃഷിവകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ പറഞ്ഞത് മൂന്നു സംസ്ഥാനങ്ങളാണ്. ഒന്ന് - കേരളം, രണ്ട്- വെസ്റ്റ് ബംഗാൾ, മൂന്ന്- ത്രിപുര. ഈ മൂന്നു സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷി വകുപ്പുമന്ത്രിമാർ മാത്രമാണ് പുത്തൻ സാമ്പത്തിക നയത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും വിപത്ത് അവിടെ ചൂണ്ടിക്കാണിച്ചത്. ബാക്കിയെല്ലാ സംസ്ഥാന കൃഷിവകുപ്പുമന്ത്രിമാരും കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങളെ സ്വാഗതം ചെയ്യുന്ന നിലപാടാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചത്. വിശേഷിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയത്തെ സ്വാഗതം ചെയ്യുകയാണ് ചെയ്തത്. എന്റെ പക്കൽ എല്ലാ കൃഷിവകുപ്പുമന്ത്രിമാരുടെയും പ്രസംഗങ്ങളുടെ കോപ്പിയുണ്ട്. ഞാൻ അത് അങ്ങേയ്ക്ക് സമർപ്പിക്കാം. കേന്ദ്ര ഗവൺമെന്റിന്റെ കരാറിൽ നിന്നുകൊണ്ടുതന്നെ നമ്മളെ സഹായിക്കാം. അവർ സഹായിക്കുന്നില്ല. മാത്രമല്ല, നാളികേര പീരയ്ക്ക് 15 ശതമാനം ചുങ്കമേയുള്ളൂ. അത്രയും ചുങ്കം കൊടുത്താൽ അരിത്തവിട് ഇറക്കുമതി ചെയ്യാം. ഇതൊക്കെ എണ്ണ ഉണ്ടാക്കാനുള്ളതാണ്. പാമോയിലിന്റെ ഇറക്കുമതി ചുങ്കം അവർ വർദ്ധിപ്പിച്ചു. അത് 71 ശതമാനമായി വർദ്ധപ്പിച്ചപ്പോൾ പാമോയിൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങൾ ആ ഓയിലിന്റെ വില കുറച്ചു. അതുകൊണ്ട് ചുങ്കം വർദ്ധിപ്പിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. ഒരു രാജ്യത്തിനും ആ രാജ്യം ഉൽപ്പാദിപ്പിക്കുന്ന പാമോയിലിന്റെ വില കുറയ്ക്കാൻ സാധ്യമല്ല. അതുകൊണ്ട് 300 ശതമാനം ഉയർത്തിയാൽ മാത്രമേ നമ്മുടെ തെങ്ങു കൃഷിക്കാർ രക്ഷപ്പെടുകയുള്ളൂ. പാമോയിലിന്റെ ഇറക്കുമതി ചുങ്കം 71 ശതമാനമായി ഉയർത്തിയപ്പോൾ വെളിച്ചെണ്ണയുടെ ഇറക്കുമതി 45 ശതമാനമായി കുറവു ചെയ്യുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തത്. വെളിച്ചെണ്ണ ഇവിടെ ഇഷ്ടംപോലെ ഇറക്കുമതി ചെയ്യുകയാണ്. അതാണ് പ്രശ്നം. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ചുങ്കം 300% ആയി ഉയർത്തണമെന്നും കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം 180 % ആയി ഉയർത്തണമെന്നും കേരള ഗവൺമെന്റ് വീണ്ടും വീണ്ടും കേന്ദ്ര ഗവൺമെന്റിനോട് സമ്മർദ്ദം ചെലുത്താൻ തയ്യാറാണ്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇവിടെയിപ്പോൾ കൊപ്ര സംഭരിക്കുന്നുണ്ട്. യഥാർത്ഥ കൃഷിക്കാരുടെ കൊപ്രയല്ല, 10% കൃഷിക്കാരേ കൊപ്ര എടുക്കുന്നുള്ളൂ. അവസരം കിട്ടുകയാണെങ്കിൽ ഞാൻ ചർച്ചയ്ക്ക് തയ്യാറാണ്. മിനിമം സ്പ്പോർട്ട് പ്രൈസ് ഗവൺമെന്റ് പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസസ് കമ്മീഷനോട് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു ക്വിന്റൽ കൊപ്രയ്ക്ക് 4,600 രൂപ വില നിശ്ചയിച്ച് അതുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാളികേരത്തിന് വില നിശ്ചയിക്കുകയും ആ വിലയ്ക്ക് നാളികേരം നാഫെഡ് ശേഖരിക്കുകയും ചെയ്യണമെന്നാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച് മൂന്നുപ്രാവശ്യം കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം കൊടുത്തിട്ടുണ്ട്. കേന്ദ്ര ജോയിന്റ് സെക്രട്ടറി ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ടിലും പറയുന്നത് മിനിമം സപ്പോർട്ട് പ്രൈസ് തെങ്ങു കൃഷിക്കാർക്ക് ലഭ്യമാക്കാൻ വേണ്ടി ഏറ്റവും നല്ലത് നാളികേരം ശേഖരിക്കുക എന്നുള്ളതാണെന്നാണ്. പാർലമെന്റ് സമ്മേളിക്കുന്നതിനെല്ലാം തൊട്ടുമുൻപ് പാർലമെന്റിൽ കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുൻകൂട്ടി അജണ്ട കൊടുത്തിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ എം.പി.മാരുടെ യോഗം വിളിച്ചു ചേർക്കാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ പ്രതിപക്ഷത്തെ ഒരൊറ്റ എം. പി. മാർ പോലും പങ്കെടുത്തില്ല. കേരളത്തിന്റെ കാർഷിക മേഖലയിലും മറ്റു മേഖലകളിലും ഇത്രയും വലിയ പ്രതിസന്ധി നേരിടുമ്പോൾ പാർലമെന്റ് സമ്മേളിക്കുന്ന അവസരത്തിൽ അതിനു തൊട്ടു മുൻപായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്തയോഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാനുള്ള സാമാന്യ മര്യാദപോലും പ്രതിപക്ഷത്തു നിന്നുമുള്ള കോൺഗ്രസ് (ഐ) യുടെയോ മുസ്ലീം ലീഗിന്റെയോ അതുപോലുള്ള പാർട്ടിയിലേയോ എം. പി. മാർ തയ്യാറായില്ല എന്നുള്ള സത്യം ഈ സഭ അറിയേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് അതിന് ആവുന്നത്ര കാര്യങ്ങൾ ചെയ്യുന്നുണ്ട്, സമ്മർദ്ദങ്ങൾ ചെലുത്തുന്നുണ്ട്. അടിയന്തിരമായി അതിന് സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ വിലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാഫെഡ് വഴി നാളികേരം ശേഖരിക്കാനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയാണ്. അതിനാവശ്യമായ സമ്മർദ്ദങ്ങൾ വീണ്ടും ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാണ്. അതുപോലെതന്നെ കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം 180% ആയി ഉയർത്തണമെന്നുള്ള ആവശ്യം വീണ്ടും ഉന്നയിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അത് ഉന്നയിക്കുന്നതോടൊപ്പം തന്നെ സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കാർഷിക മേഖലയെ സഹായിക്കാനുള്ള ആത്മാർത്ഥമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : റൂൾ 304, ശ്രീ. പി. സി. ജോർജ്.

IV സബ്മിഷൻ

(1) സംസ്ഥാനത്തുണ്ടായ ഭൂചലനംമൂലം മുല്ലപ്പെരിയാർ അണക്കെട്ട് അപകട ഭീഷണിയിലാണെന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ് : സർ, കഴിഞ്ഞ 12, 16 എന്നീ തീയതികളിലായി കേരളത്തിലെ 10 ജില്ലകളിൽ ജനങ്ങൾക്ക് ഭീതിയുണർത്തിക്കൊണ്ട് ഭൂചലനമുണ്ടായി എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. ആ ഭൂചലനത്തിൽ കേന്ദ്ര ശാസ്ത്രജ്ഞൻമാരുടെ കാഴ്ചപ്പാടിൽ ഇന്ത്യയെ മൂന്നായി തിരിച്ചതിൽ ഒരു കാരണവശാലും ഭൂചലനമുണ്ടാകാൻ സാധ്യതയില്ലാത്ത പ്രദേശമായിട്ടാണ് കേരളത്തെ കണക്കാക്കിയിരിക്കുന്നത്. ശാസ്ത്രജ്ഞൻമാരുടെ ആ കാഴ്ചപ്പാടുകൾപോലും ശരിയല്ലെന്നു വരത്തക്ക രീതിയിലുള്ള ഒരു ഭൂചലനമാണ് 12-ാം തീയതി ഉണ്ടായത്.

മി. സ്പീക്കർ : അതിന്റെ കേന്ദ്രം പൈനാവ്-ഈ രാറ്റുപേട്ട ആണെന്നാണല്ലോ പറയുന്നത്.

ശ്രീ. പി. സി. ജോർജ് : അതാണ് ഞാൻ പറഞ്ഞുവരുന്നത്. 12-ാം തീയതി രാവിലെ നാലരയ്ക്കുണ്ടായ ഭൂചലനം സീസ്മോമീറ്ററിൽ 5 പോയിന്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലാത്തൂരിലുണ്ടായ ഭൂചലനം 6.5 പോയിന്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്രയും ശക്തിമത്തായ ഭൂചലനമുണ്ടായതുകൊണ്ട് പ്രത്യേകിച്ചും കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ജനങ്ങൾ ഭീതിയിലാണ്. നമ്മുടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly